"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:ഡിഎ1/363/2019/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/01/2020

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലേയും മത്സ്യതൊഴിലാളി വിഭാഗത്തിലെ കടംബങ്ങളിലേയും വിദ്യാർത്ഥികൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി CPRCS പോർട്ടലിൽ നിന്നും ലാപ് ടോപ് വാങ്ങി നൽകുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ)നം. 22/2018/തസ്വഭവ, തീയതി 14.02.2018
2. സ.ഉ.(സാധാ)നം. 1400/2019/തസ്വഭവ, തീയതി 06.07.2019
3. ഐ.ടി. വകുപ്പ സെക്രട്ടറിയുടെ 09.10.2019-ലെ IT Cell-1/106/2019/ITD നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ 3.8 നമ്പർ തീരുമാനം

**********************

പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട അംഗീകൃത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ സൂചന (1) ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. അപ്രകാരം വാങ്ങി നൽകുന്ന ലാപ്ടോപ്പുകളുടെ പരമാവധി വില 38902 രൂപയായി സൂചന (2) ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പുകൾ നിലവിൽ CPRCS പോർട്ടലിൽ ലഭ്യമല്ലാത്തതും ടി സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായതും ശേഷി കൂടിയതും എന്നാൽ വില വളരെ കുറഞ്ഞതും വിദ്യാർത്ഥികളുടെ ഉപയോഗത്തിന് പര്യാപ്തമായതുമായ ലാപ്ടോപ്പ് CPRCS പോർട്ടലിൽ നിലവിൽ ലഭ്യമായതും കാരണം പഞ്ചായത്തുകൾക്ക് പദ്ധതി നടപ്പാക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉള്ളതിനാൽ ലഭ്യമായ ലാപ്ടോപ്പ് ഉൾപ്പെടുത്തി CPRCS ൽ നിന്നും ലാപ്ടോപ്പ് വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ഉത്തരവ് പുറപ്പെടുവിച്ച നിർദ്ദേശം നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലും നിരക്കിൽ വരുന്ന വലിയ അന്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുള്ളതിനാലും വിഷയം പരിശോധിച്ച് വിദ്യാർത്ഥികൾക്ക് നല്കുന്ന ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും നിരക്കും നിശ്ചയിച്ചറിയിക്കാൻ IT മിഷൻ ഡയറക്ടറെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി ചുമതലപ്പെടുത്തുകയും തുടർന്ന് IT മിഷൻ ലഭ്യമാക്കിയ റിപ്പോർട്ട് സൂചന (4)

